പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3226 07.11.2019 ൽ മറുപടിയ്ക്ക്**

**ഭൂമി കയ്യേറ്റം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | മൂന്നാർ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഈ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ ദേവികുളം സബ്കളക്ടറായിരുന്ന ഡോ.രേണുരാജിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നോ; | (ബി) നിയോഗിച്ചിരുന്നു. |
| (സി) | പ്രസ്തുത അന്വേഷണ സംഘം കയ്യേറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (സി) നടപടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | സബ്കളക്ടർ ഉൾപ്പെടെ സംഘത്തിലെ ഭൂരിപക്ഷ അംഗങ്ങളെയും സ്ഥലം മാറ്റിയിട്ടുണ്ടോ; | (ഡി)യും (ഇ)യും സബ്കളക്ടറെ സ്ഥലം മാറ്റിയിട്ടുണ്ട്. എന്നാൽ സംഘാംഗങ്ങളെ സ്ഥലം മാറ്റിയിട്ടില്ല. |
| (ഇ) | അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് കയ്യേറ്റ മാഫിയയെ സഹായിക്കുമെന്നതിനാൽ ഇക്കാര്യം പുന:പ്പരിശോധിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

3873289/2019/REV

b A

നമ്പർ-RDODVM/820/2019-B5

റവന്യൂ ഡിവിഷണൽ ഓഫീസ്
ദേവികുളം,30/09/2019

പ്രേഷകൻ

സബ് കളക്ടർ
ദേവികുളം

ഗ്രാഹകൻ

1.പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ
ഗവ: സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

2.ലാന്റ് റവന്യൂ കമ്മീഷണർ
ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
തിരുവനന്തപുരം

3.ജില്ലാ കളക്ടർ
ഇടുക്കി

സർ,

വിഷയം- ചിന്നക്കനാൽ ഭൂമിയിടപാട് അന്വേഷണ നടപടികൾ- സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത്- പുരോഗതി വിവരം റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന
1) സ.ഉ.(കൈ.)124/2019/ആർ.ഡി., തീയതി-27.04.2019
2) സ.ഉ.(കൈ.)157/2019/ആർ.ഡി., തീയതി-31.05.2019
3) ഈ ആഫീസിലെ 12.06.2019 ലെ RDODVM/600/2019-B5 നമ്പർ കത്ത്
4) ഈ ആഫീസിലെ 14.06.2019 ലെ RDODVM/600/2019-B5 നമ്പർ കത്ത്
5) ഇടുക്കി ജില്ലാ കളക്ടറുടെ 18.06.2019 ലെ DCIDK/17/2019-A1 നമ്പർ ഉത്തരവ്
6) ഈ ആഫീസിലെ 23.07.2019 ലെ ഇതേ നമ്പർ കത്ത്
7) ഈ ആഫീസിലെ 27.07.2019 ലെ ഇതേ നമ്പർ കത്ത്
8) ഈ ആഫീസിലെ 02.08.2019 ലെ ഇതേ നമ്പർ നടപടിക്രമം
9) ഇടുക്കി ജില്ലാ കളക്ടറുടെ 14.09.2019, 26.09.2019 തീയതികളിലെ എ 1-17/2019 നമ്പർ റിപ്പോർട്ടുകൾ
10) ഈ ആഫീസിലെ 27.09.2019 ലെ ഇതേ നമ്പർ നടപടിക്രമം

സൂചന 1) ഉത്തരവ് പ്രകാരം ചിന്നക്കനാൽ വില്ലേജിലെ ഭൂമിയിടപാടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ടി അന്വേഷണത്തിന്റെ ഭാഗമായി സർക്കാരിലേക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ചിന്നക്കനാൽ വില്ലേജിലെ

ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന് സൂചന 2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭൂപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമെന്ന നിലക്ക് ചിന്നക്കനാൽ വില്ലേജിൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് റിക്കാർഡുകൾ ക്രമപ്പെടുത്തുന്നതിന് ടി ഉത്തരവിൽ ക്രമനമ്പർ xi) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ചിന്നക്കനാൽ വില്ലേജിൽ 1964 ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും, 1993 ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും നൽകിയിട്ടുള്ള മുഴുവൻ പട്ടയങ്ങളുടെയും സാധുത പരിശോധിക്കുന്നതിനും 6 മാസത്തിനകം നിയമപരമായി സാധുവായിട്ടുള്ള പട്ടയങ്ങൾ കണ്ടെത്തി തണ്ടപ്പേരുകൾ ക്രമീകരിച്ചു നൽകുവാനാണ് നിർദ്ദേശിച്ചിരുന്നത്.

സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങൾ സഹിതം ഇടുക്കി ജില്ലാ കളക്ടർക്ക് സൂചന 3) പ്രകാരം വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതാണ്. പ്രധാനമായും രണ്ട് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള റിപ്പോർട്ടാണ് അപ്രകാരം സമർപ്പിച്ചത്. i)സർക്കാർ ഉത്തരവിലെ ക്രമ നമ്പർ xi) നിർദ്ദേശപ്രകാരം ചിന്നക്കനാൽ വില്ലേജിൽ നൽകിയിട്ടുള്ള 1993 ലെയും 1964 ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയിട്ടുള്ള പട്ടയങ്ങളുടെ സാധുത പരിശോധിക്കുന്നതിന് റവന്യൂ – സർവ്വേ വിഭാഗം ജീവനക്കാരുടെ പ്രത്യേക ടീമിനെ നിയോഗിക്കുന്നതിലേക്കും ii) ഉത്തരവിൽ ക്രമനമ്പർ xii)ആയി പരാമർശിച്ചിരിക്കുന്ന ചിന്നക്കനാൽ വില്ലേജിലെ അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ചിന്നക്കനാൽ വില്ലേജിലെ ഭൂവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യമുള്ളതും പരിചയസമ്പന്നരുമായ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയമിക്കുന്നതിലേക്കുമുള്ള ശുപാർശകളാണ് ജില്ലാ കളക്ടറുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നത്. കൂടാതെ ഈ കാര്യാലയത്തിൽ മതിയായ വാഹനങ്ങളുടെ അപര്യാപ്തതമൂലം ദേവികുളം മേഖലയിൽനിന്നും വിദൂരത്തിൽ ഒറ്റപ്പെട്ട് സ്ഥിതിചെയ്യുന്ന ചിന്നക്കനാൽ ഭാഗത്തേക്ക് അന്വേഷണ നടപടിയുടെ ഭാഗമായി പോകുന്നതിനും കൂടാതെ അന്വേഷണ നടപടികളുടെ ഭാഗമായി ആവശ്യമുള്ള രേഖകൾ ഉടുമ്പൻചോല താലൂക്കാഫീസിൽ നിന്നും ചിന്നക്കനാൽ വില്ലേജാഫീസിൽ നിന്നും മറ്റും ശേഖരിക്കുന്നതിലേക്കുമായി ക്ഷമതയുള്ളതും ഫോർ വീൽ സംവിധാനമുള്ളതുമായ ഒരു വാഹനം ലഭ്യമാക്കുന്നതിലേക്ക് സൂചന 4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതുമാണ്.

സർക്കാർ ഉത്തരവിലെ ക്രമനമ്പർ xi) നമ്പർ നിർദ്ദേശ പ്രകാരം ചിന്നക്കനാൽ വില്ലേജിലെ 1993 ലെയും 1964 ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയങ്ങളുടെ സാധുത പരിശോധിക്കുന്നതിന് ഈ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വിവിധ ആഫീസുകളിൽ നിന്നുമുള്ള ആളുകളെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പത്ത് അംഗങ്ങളുള്ള ഒരു സംഘത്തെ സൂചന 5) പ്രകാരം നിയോഗിക്കുക ആണ് ചെയ്തിട്ടുള്ളത്. അപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ യഥാസമയം ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് 05.07.2019 ലെ ഇതേ നമ്പർ പ്രകാരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് സൂചന 6, 7 എന്നിവ പ്രകാരം ജില്ലാ കളക്ടർക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും ഈ വിഷയത്തിൽ കത്തയക്കുകയും ചെയ്തു. അതിനു ശേഷമാണ് സംഘാംഗങ്ങൾ ജോലിയിൽ പ്രവേശിച്ച് ദൗത്യസംഘത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചത് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

ജോലിക്കായി ഹാജരായ ജീവനക്കാരെ ഏകോപിപ്പിച്ചുകൊണ്ട് ദൗത്യസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ സംഘങ്ങളായി വിഭജിച്ച് ദൗത്യം നിർവ്വഹിക്കുന്നതിന് നിശ്ചിത ക്രമം ഏർപ്പെടുത്തുകയും പട്ടയ പരിശോധനക്കായി നിശ്ചിത മാർഗ്ഗരേഖകൾ നൽകിക്കൊണ്ട് സൂചന 8) പ്രകാരം

02.08.2019 ന് ഈ ആഫീസിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. a)പട്ടയങ്ങളുടെ എൽ.എ. കേസ്സ് ഫയലുകളുടെ പരിശോധന , b) തണ്ടപ്പേർ അക്കൌണ്ടുകളുടെ പരിശോധന c) സർവ്വേ /ഫീൽഡ് പരിശോധന എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്ന പരിശോധന നടപടികളാണ് നടപ്പിലാക്കി വന്നിരുന്നത്. ആദ്യ രണ്ടു ഘട്ടങ്ങളിലൂടെ പതിവ് രേഖകളുടെയും വില്ലേജ് രേഖകളുടെയും നിജസ്ഥിതി പരിശോധിക്കുകയും, തുടർന്ന് പതിവ് സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ഭൂമിയിൽ പരിശോധന നടത്തി വസ്തു നിർണ്ണയിക്കുകയും ചെയ്യുക എന്നതാണ് പരിശോധന വഴി ലക്ഷ്യമിട്ടിരുന്നത്. തുടർന്നുള്ള പരിശോധനകൾക്കും ഭാവിയിൽ പട്ടയസ്ഥലം കൃത്യമായി തിട്ടപ്പെടുന്നതിനും സഹായകരമായ വിധത്തിൽ വസ്തുവിന്റെ ജി.പി.എസ്. കോർഡിനേറ്റ് കൃത്യമായി രേഖപ്പെടുത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കുവാനും പരിശോധനയിൽ സ്വാഭാവികമെന്നു കണ്ടെത്തുന്ന തണ്ടപ്പേരുകൾ ക്രമവത്കരിക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

സൂചന 2) സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടയ പരിശോധനയിലും അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ചുള്ള അന്വേഷണ നടപടിയിലും നാളിത് ഈ ആഫീസ് മുഖാന്തിരം കൈവരിച്ചിട്ടുള്ള പുരോഗതിവിവരം ചുവടെ ചേർക്കുന്നു.

**1)പട്ടയ പരിശോധന**

- പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള 1964 ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള പതിവ് കേസ്സുകൾ-197
- തണ്ടപ്പേർ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള പതിവു കേസ്സുകളുടെ എണ്ണം-197 (ഓരോ എൽ.എ. കേസ്സുകളിൽ നിന്നും വഴിക്കുവഴിയായി പിടിച്ച് എല്ലാ തണ്ടപ്പേരുകളും പരിശോധിച്ചു.) .
- സർവ്വേ പരിശോധന പൂർത്തിയാക്കി ജി.പി.എസ് കോർഡിനേറ്റ്സ് സഹിതം റിപ്പോർട്ട് സമർപ്പിച്ചത്- 4

**2)അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ചുള്ള അന്വേഷണം**

സൂചന 2) ഉത്തരവിൽ ഖണ്ഡിക xii) പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് ചിന്നക്കനാൽ വില്ലേജിലെ RDS പ്രൊജക്റ്റ് എന്ന സ്ഥാപനം നടത്തിയിട്ടുള്ള അനധികൃത കയ്യേറ്റം സംബന്ധിച്ച് അന്വേഷണ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ടി സ്ഥാപനം നടത്തിയ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഉടുമ്പൻചോല തഹസിൽദാർ മുഖാന്തിരം വസ്തു സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുള്ളതാണ്. സർക്കാർ ഭൂമി അവിഹിതമായി കയ്യേറുന്നതിന് വ്യാജരേഖ ചമച്ച് ഗൂഢാലോചന നടത്തിയ ആളുകൾക്കെതിരായി ക്രിമിനൽ നടപടി സ്വീകരിക്കുവാൻ ഉടുമ്പൻചോല തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**3)സർക്കാർ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ**

- അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ വ്യാജമായി ചമച്ചിട്ടുള്ളതായി കണ്ടെത്തിയ എൽ.എ. 203/78 നമ്പർ പട്ടയം സൂചന 2) സർക്കാർ ഉത്തരവിലെ ഖണ്ഡിക I) നിർദ്ദേശമനുസരിച്ച് ഈ കാര്യാലയത്തിൽനിന്നും അസാധുവായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.
- അപ്പോത്തിയോസിസ് കമ്പനിയുടെ അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ച അന്വേഷണത്തിന്റെ ഭാഗമായി ഭൂമിപതിവ് ചട്ടങ്ങൾക്കു വിരുദ്ധമായി സമ്പാദിച്ചിട്ടുള്ള എൽ.എ.113/93, എൽ.എ.114/93, എൽ.എ.116/93, എൽ.എ.117/93, എൽ.എ.177/93 എന്നീ പതിവുകേസ്സുകളും പട്ടയവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള എൽ .എ.90/78, എൽ.എ.91/78, എൽ.എ.89/71 എന്നീ

പതിവുകേസ്സുകളും സൂചന 2) സർക്കാർ ഉത്തരവിലെ ഖണ്ഡിക ii) നിർദ്ദേശപ്രകാരം റദ്ദ് ചെയ്യുന്നതിന് ഈ ആഫീസ് മുഖാന്തിരം തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയത് നാളത് വിചാരണ നടപടിയിലിരുന്ന വരുന്നതുമാണ്.

- ആഴി റിസ്സോർട്ടിന്റെ അനധികൃത ഭൂമിയിടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ പതിവ് കേസ്സുകൾ റദ്ദുചെയ്ത് ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനെതിരായി കക്ഷികൾ ബഹു. ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ തള്ളി തീർപ്പ് കൽപ്പിച്ചിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവിനെതിരായി കക്ഷികൾ ബഹു . കേരള ഹൈക്കോടതി മുമ്പാകെ WP(C)32997/17 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ടി കേസ്സിൽ ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള 17.102.2017 ലെ വിധിന്യായത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവിന്മേലുള്ള നടപടികൾ താത്കാലികമായി സ്റ്റേ ചെയ്ത് കോടതി ഉത്തരവായിട്ടുള്ളതാണ്.
- ഗ്രീൻ ജംഗിൾ റിസ്സോർട്ട് എന്ന സ്ഥാപനം നടത്തിയ അനധികൃത ഭൂമിയിടപാടുകൾ ബോദ്ധ്യപ്പെട്ട് ടി അനധികൃത ഇടപാടുകൾക്ക് ആധാരമായ എൽ.എ. 65/77 നമ്പർ പട്ടയവും ബന്ധപ്പെട്ട തണ്ടപ്പേരുകളും റദ്ദുചെയ്ത് 12.05.2008 ന് ഉടുമ്പൻചോല തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. അതിനെതിരായി കക്ഷികൾ സമർപ്പിച്ചിട്ടുള്ള അപ്പീൽ ബഹു. ലാന്റ് റവന്യൂ കമ്മീഷണറുടെ 18.02.2010 ലെ എൽ .ആർ.ജെ3-24349/08 നമ്പരായി ലാന്റ് റവന്യൂ കമ്മീഷണർ തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്പീൽ നിരസിച്ച ടി നടപടിക്കെതിരായി കക്ഷികൾ ഫയൽ ചെയ്തിട്ടുള്ള WP(C)-6954/10 നമ്പർ കേസ്സിൽ അന്തിമ തീർപ്പാകുന്നതുവരെ തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ച് ബഹു. കോടതി ഉത്തരവായിരുന്നതാണ്.
- കാലിപ്സോ & ടെന്റ് ക്യാമ്പ് റിസ്സോർട്ടുകളുടെ അനധികൃത ഭൂമിയിടപാടുകൾ തിട്ടപ്പെടുത്തുന്നതിന് നടത്തിവരുന്ന സർവ്വേ നടപടികൾ ഏതാണ്ട് അവസാന ഘട്ടത്തിലാണ്.
- പനോരമിക് റിസോർട്ടിന്റെ ഭൂമിയിടപാടുകൾ സംബന്ധിച്ച കേസ്സിൽ പ്രാഥമിക നടപടികൾ ആരംഭിക്കുകയും, അവകാശമുന്നയിക്കുന്ന വസ്തു സർവ്വേ നടപടിയിലൂടെ തിട്ടപ്പെടുത്തുന്നതിനു വേണ്ടി അതിർത്തി ബോദ്ധ്യപ്പെടുത്തി നൽകുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും റിസോർട്ട് അധികൃതരോട് ഈ ആഫീസിൽ നിന്നും നിർദ്ദേശം നൽകുകയും ചെയ്തു.

അന്വേഷണം നടന്നു വരുന്ന മാൽ വിവരിച്ച കേസ്സുകളിൽ ബഹു. കോടതി മുമ്പാകെയുള്ള കേസ്സുകളും , ലാന്റ് റവന്യൂ കമ്മീഷണറുടെയും ഗവൺമെന്റിന്റെയും പരിഗണനക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീൽ / റിവിഷൻ ഹർജികളും നിലവിലുള്ളതിനാൽ, അപ്പീൽ/ റിവിഷൻ ഹർജികളുടെയും കോടതി കേസ്സുകളുടെയും അന്തിമ തീർപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടി കേസ്സുകളിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു . മതിയായ ജീവനക്കാരുടെ അഭാവം മൂലവും ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പ്രതിസന്ധി നേരിട്ടിട്ടുള്ളതാണ്. സൂചന 2) സർക്കാർ ഉത്തരവിലെ ഖണ്ഡിക xii) പ്രകാരമുള്ള അന്വേഷണ നടപടിക്ക് പരിചയ സമ്പന്നരും ആ മേഖലയിൽ പ്രാവീണ്യമുള്ളതുമായ ജീവനക്കാരുടെ സേവനം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാകാതിരുന്നത് അന്വേഷണ നടപടിയെ ബാധിച്ചുവെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിന് ഈ ആഫീസ് പ്രതിജ്ഞാബദ്ധമായ നടപടിയുമായി മുന്നോട്ടുപോയിട്ടുള്ളതാണ്.

നിലവിൽ പരിശോധന പൂർത്തിയാക്കിയ 197 കേസ്സുകൾക്കു പുറമേ 200 പതിവുകേസ്സുകൾ കൂടി പരിശോധന പൂർത്തിയാക്കിയാൽ 1964 ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പതിവു കേസ്സുകളിലെയും പരിശോധന പൂർത്തിയാക്കുവാൻ സാധിക്കുമായിരുന്നു. 1993 ലെ ഭൂമി പതിവു കേസ്സുകൾ റീസർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ ( 01.01.1977 ലെ ലാന്റ് രജിസ്റ്റർ ) നൽകിയിട്ടുള്ളതിനാൽ ടി പതിവുകേസ്സുകൾ പരിശോധിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും

സങ്കീർണ്ണതകളില്ലാത്തതിനാൽ സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിരിക്കുന്ന 6 മാസക്കാലത്തിനുള്ളിൽ പതിവുകേസ്സുകളുടെ പരിശോധന പൂർത്തിയാകുമായിരുന്നു . സൂചന 9) പ്രകാരം ദൗത്യസംഘാംഗങ്ങളുടെ ജോലിക്രമീകരണങ്ങൾ റദ്ദുചെയ്ത് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ജീവനക്കാരോട് ആവശ്യപ്പെടുമ്പോൾ മാത്രം ദൗത്യത്തിന്റെ ഭാഗമായി പ്രവർത്തിച്ചാൽ മതിയെന്നും അല്ലാത്തപക്ഷം തങ്ങളുടെ ആഫീസുകളുമായി ബന്ധപ്പെട്ടുള്ള ജോലികൾ നിർവ്വഹിച്ചാൽ മതിയെന്നുമുള്ള നിലക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ദൗത്യസംഘത്തിലെ ജീവനക്കാരെ വിടുതൽ ചെയ്തുകൊണ്ട് സൂചന 10) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പിന്നീട് ജില്ലാകളക്ടറുടെ സൂചന 9) ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2019 ആഗസ്റ്റ് ആദ്യപാദം മുതൽ ജീവനക്കാർ ഈ ആഫീസിന്റെ ഭാഗമായി ടി പ്രത്യേക ദൗത്യവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതിനാലാണ് ഈ വിധത്തിലുള്ള പുരോഗതി ആർജ്ജിക്കുവാൻ സാധിച്ചത് എന്നുള്ള വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു. സ.ഉ.(ആർ.റ്റി.)5566/2019/GAD തീയതി 25.09.2019 പ്രകാരം ദേവികുളം സബ് കളക്ടറെ സ്ഥലംമാറ്റി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ദൗത്യസംഘാംഗങ്ങളെ വിടുതൽ ചെയ്തിട്ടുള്ളതിനാലും ദൗത്യസംഘത്തിന്റെ പ്രവർത്തനങ്ങൾ തുടർന്നു പോകുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. ചിന്നക്കനാൽ വില്ലേജിലെ ഭൂപ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരത്തിനുദ്ദേശിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊണ്ട് ഫലപ്രദമായ നിലയിൽ ദൗത്യസംഘത്തിന്റെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകേണ്ടതാണ് . ആയതിലേക്ക് ഇതു വരെയുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനോടൊപ്പം ജില്ലാ കളക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നത് ഉത്തമമാണെന്നു കാണുന്ന വിവരം മേൽ നടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സബ് കളക്ടർ

സെക്ഷൻ ഓഫീസർ